# പതിനാലാം കേരള നിയമസഭ

# ഇരുപത്തിരണ്ടാം സമ്മേളനം

# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 471

# 13/01/2021 ലെ മറുപടിക്ക്

**<u>എം.എൽ.എ.മാരുടെ ആസ്തിവികസനഫണ്ട്, പ്രത്യേക വികസനഫണ്ട് എന്നിവ മുഖേനയുള്ള നിർമ്മാണ പ്രവർത്തികൾ</u>**

| | ചോദ്യം<br>ശ്രീ.സജി ചെറിയാൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കാലഘട്ടത്തിന്റെ ആവശ്യകത കണക്കിലെടുത്ത് എം.എൽ.എ. മാരുടെ ആസ്തിവികസനഫണ്ട് / പ്രത്യേക വികസനഫണ്ട് മുഖേനയുള്ള നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിച്ച് വിപുലീകരിക്കുന്നത് ഗൗരവമായി പരിഗണിക്കുമോ; | 04.08.2018 തീയതിയിലെ സ.ഉ.(അച്ചടി) നം.119/2018/ധന, 29.12.2017 തീയതിയിലെ സ.ഉ. (അച്ചടി) നം.161/2017/ധന എന്നീ ഉത്തരവുകൾ പ്രകാരം എം.എൽ.എമാരുടെ ആസ്തിവികസന ഫണ്ട്/ പ്രത്യേകവികസന നിധി എന്നിവ വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ക്രോഡീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ പ്രസ്തുത മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പൂർത്തീകരിച്ച പ്രവർത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | ആസ്തിവികസന ഫണ്ടിൽ നിന്നുള്ള പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിന് മൂലധന ശീർഷകങ്ങൾക്ക് കീഴിൽ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ ബില്ലുകൾ പാസ്സായി വരുന്ന മുറയ്ക്ക് ബജറ്റ് വിഹിതത്തിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നടപടിക്രമമാണ് അനുവർത്തിച്ച് വരുന്നത്. പ്രത്യേകവികസന നിധി വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകളുടെ തുക ജില്ലാകളക്ടർമാർക്ക് നല്കുന്ന അലോട്ട്മെന്റുകളിൽ നിന്നും അനുവദിച്ച് വരുന്നുണ്ട്. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ തുക അനുവദിക്കുന്നതിന് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) | ചെങ്ങന്നൂർ മണ്ഡലത്തിലെ എത്ര ബില്ലുകൾ തീർപ്പാക്കുവാനുണ്ടെന്ന് അറിയിക്കുമോ? | ചെങ്ങന്നൂർ മണ്ഡലത്തിലെ ഒരു ബിൽ തീർപ്പാക്കുവാനുണ്ട് |

സെക്ഷൻ ഓഫീസർ